بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# *Khuthba Summary* 08.08.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 08.08.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം

തശ്ശഹുദും തഅവ്വുദും  സൂറ: ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ അയ്യദഹുല്ലാഹു തആല ബിനസിരിഹിൽ അസീസ് ഈ ആയത്ത് പാരായണം ചെയ്തു.

اَمَّنۡ یُّجِیۡبُ الۡمُضۡطَرَّ اِذَا دَعَاہُ وَیَکۡشِفُ السُّوۡٓءَ

وَیَجۡعَلُکُمۡ خُلَفَآءَ الۡاَرۡضِ ؕ ءَ اِلٰہٌ مَّعَ اللّٰہِ ؕ قَلِیۡلًا مَّا تَذَکَّرُوۡنَ ؕ

(സൂറത്തുന്നംല് 63)

ഈ ആയത്തിന്റെ തർജുമ ഇപ്രകാരമാണ്, ഗതിമുട്ടിയവർ പ്രാർഥിക്കുമ്പോൾ ഉത്തരം നൽകുകയും കേൾക്കുകയും ക്ലേശം ദുരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നത് ആരാണ്. അല്ലാഹുവിനോടൊപ്പം മറ്റ് വല്ല ദൈവവും ഉണ്ടോ? നിങ്ങൾ വളരെ കുറച്ച് മാത്രമേ ഉപദേശം സ്വീകരിക്കുന്നുള്ളൂ.

ഹ: മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിലെ അംഗങ്ങളെ കൂടെ കൂടെ ദുആയിലേക്ക് വളരെ അധികം ശ്രദ്ധ ചെലുത്താനാണ് ഉപദേശിച്ചിട്ടുള്ളത്. കാരണം ജമാഅത്തിന്റെ പുരോഗതി, ജമാഅത്തിന്റെ വിജയം, ശത്രുക്കളുടെ തന്ത്രങ്ങളിൽ നിന്നും പ്രവർത്തികളിൽ നിന്നും രക്ഷ എല്ലാം ദുആ മുഖേനയാണ് ലഭിക്കുക. ആ മഹാത്മാവ് വളരെ വ്യക്തമായ നിലയിൽ പറഞ്ഞിരിക്കുന്നു. നമ്മുടെ വിജയം നേടാനുള്ള ആയുധം ദുആയാണ്. നാമെല്ലാ പുരോഗതിയും ദുആയുടെ പരിണിത ഫലമായാണ് കാണുക എങ്കിൽ, ദുആയുടെ ഈ പ്രാധാന്യത്തെ മുൻനിർത്തിക്കൊണ്ട് നാം ദുആയിലേക്ക് എത്രമാത്രം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഈ ലക്ഷ്യം കരസ്ഥമാക്കുന്നതിന് വേണ്ടി നാം എത്രത്തോളം ശ്രദ്ധ ദുആയിലേക്ക് നൽകുന്നുണ്ട്. ഇതിന്റെ അളവും ആത്മപരിശോധനയും നമ്മിൽ ഓരോരുത്തർക്കും അവരുടെ അവസ്ഥക്കനുസരിച്ച് കണക്കാക്കാനും പരിശോധിക്കാനും സാധിക്കുന്നതാണ്.

റമദാനു ശേഷം റമദാനിൽ ഉള്ളതു പോലുള്ള ഒരു ശക്തി ഇല്ലാത്തത് കാരണം പൊതുവിൽ നാം ദുആയിലേക്ക് ശ്രദ്ധിക്കാറില്ല. ഇപ്പോൾ ലോകത്തിന്റെ അവസ്ഥ, മുസ്‌ലിം ഉമ്മത്തിന്റെ അവസ്ഥ പ്രതേകിച്ച് ഫലസ്തീനികളുടെ മേലുള്ള ഇസ്റാഈലിന്റെ തുടർച്ചയായുള്ള ക്രൂരമായ ആക്രമണം അതിന് ഇന്നലെ വരെ താത്കാലികമായ ഒരു വിരാമം സംഭവിച്ചിരുന്നു. എന്നാൽ ഇന്ന് കേൾക്കാൻ കഴിഞ്ഞ് ആ വെടി നിർത്തൽ അവസാനിച്ചു എന്നാണ്. ഈ വെടി നിർത്തൽ സ്ഥിരമായി തീരാനുള്ള ഒരു മാർഗ്ഗം അല്ലാഹു ഉണ്ടാക്കുമാറാകട്ടെ, ആ അക്രമം അവസാനിക്കുമാറാകട്ടെ. പിന്നീട് നാം കാണുന്നു, മുസ്‌ലിംകൾ പരസ്പരം ചെയ്യുന്ന അക്രമം കഴുത്തറുക്കൽ, കൊള്ളയും കൊലയും, ഇതെല്ലാം പാരമ്യതയിൽ എത്തിയിരിക്കുകയാണ്. പിന്നീട് ഈ കലിമ ചൊല്ലുന്നവരുടെ അക്രമത്തിന്റെ പാരമ്യത ഇതാണ്. അല്ലാഹുവിന്റെയും റസൂലിന്റെയും പേരിൽ അഹ്മദികളുടെ മേൽ അക്രമം അഴിച്ച് വിടുന്നു. അഹങ്കാരത്തോടെ ഈ അക്രമത്തെ തുടർന്ന് കൊണ്ടു പോകുന്നതിനുള്ള കരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. അതിനെ കുറിച്ച് വിശദീകരണങ്ങളും നല്കുന്നു. എല്ലാ മേഖലകളിലും എല്ലാ അവസരങ്ങളിലും അഹ്മദികളുടെ മേലുള്ള പീഢനവും അക്രമവും തുടർന്ന്കൊണ്ട് പോകാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ പാക്കിസ്ഥാനിൽ മുല്ലാക്കളുടെ സ്വാധീനത്തിൽപ്പെട്ട് അനഹ്മദികളിൽ ഒരു വലിയ വിഭാഗത്തിന്റെ ഒരു രീതിയായി ഇത് മാറിയിരിക്കുന്നു. വരും തലമുറയിലെ കുട്ടികളിലും ഈ വിഷം നിറച്ച് കൊണ്ടിരിക്കുന്നു. അവരുടെ തലച്ചോറിനെയും വിഷലിപ്തമാക്കിക്കൊണ്ടിരിക്കുന്നു. ദീൻ എന്താണ് ഏതാണ് എന്ന് പോലും അറിയാത്ത അവരുടെ വായിൽ നിന്ന് പോലും അഹ്മദികൾ കാഫിറാണ് അതുകൊണ്ട് അവരെ വധിക്കുന്നത് അനുവദനീയമാണ് എന്ന വിധത്തിലുള്ള വാക്കുകൾ പുറത്ത് വരുന്നു. ഈ പരീക്ഷണത്തിന്റെ നാളുകളിൽ നാം മുമ്പത്തേക്കാൾ ഉപരിയായി അല്ലാഹുവിലേക്ക് കുമ്പിടുന്നവരായി തീരേണ്ടതുണ്ട്. അത്കൊണ്ട് നിങ്ങളുടെ ദുആകളിൽ ഒരു കുറവും വരാൻ അനുവദിക്കരുത്. മറ്റു മുസ്‌ലിംകൾ പരസ്പരം അക്രമത്തിനുള്ള മറുപടി അക്രമം കൊണ്ട് നല്കി തങ്ങളുടെ കണക്ക് തീർത്ത് കൊണ്ടിരിക്കുന്നു. എന്നാൽ നാം എല്ലാ അക്രമത്തേയും, വേദനയിലും വിലാപത്തിലും മുങ്ങി ഇല്ലാതാക്കണം. അല്ലാഹുവിന്റെ മുന്നിൽ വിലപിച്ച്കൊണ്ട് അവനോട് ദുആ ചെയ്ത്കൊണ്ട് അവസാനിപ്പിക്കണം. ഹ: മസീഹ് മൗഊദ് (അ) തന്റെ ഒരു കവിതാശകലത്തിൽ പറയുന്നു.

*അദു ജബ് ബഡ് ഗെയെ ശോറോ ഫുഗാ(ൻ) മൈ*
*നിഹാ ഹം ഹോഗെയെ യാറെ നീഹാ(ൻ) മേ*

ആക്രോഷത്തിന്റെയും ഒച്ചപ്പാടിന്റെയും രൂപത്തിൽ ശത്രുത വർദ്ധിപ്പിച്ചപ്പോൾ, അങ്ങേയറ്റം സൂക്ഷമനായ പ്രിയപ്പെട്ട അല്ലാഹുവിൽ നാം ലയിച്ച് ചേർന്നു.

അതുകൊണ്ട് പ്രിയപ്പെട്ട അല്ലാഹുവിൽ ലയിച്ച് ചേരേണ്ടതിന്റെ ആവശ്യമാണുള്ളത്. അർശിന്റെ കാലുകളെ വിറപ്പിക്കുന്ന അവസ്ഥ നമ്മളിൽ ഉണ്ടാക്കിയെടുക്കേണ്ടതിന്റെ ആവശ്യമുണ്ട്. ഒരേ ദിശയിലേക്കുള്ള ദുആകൾ ചെയ്യേണ്ടതിന്റെ ആവശ്യമുണ്ട് വിവിധങ്ങളായ ദുആകൾ ആകരുത്. എല്ലാവരുടേയും പരീക്ഷണ കാലഘട്ടം അവസാനിക്കണം എന്നാണ് നമ്മുടെ ആഗ്രഹം എങ്കിൽ നാം നമ്മുടെ ദുആകളെ, ജമാഅത്തി ദുആകളെ ശത്രുക്കളുടെ അക്രമത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ഈ ഒരു ഭാഗത്തേക്ക് ആകേണ്ടതായിട്ടുണ്ട്. പാക്കിസ്ഥാനി അഹ്മദികൾ, അവർ ധനികരാണെങ്കിലും ദരിദ്രരാണെങ്കിലും സ്ത്രീകളാണെങ്കിലും പുരുഷന്മാരാണെങ്കിലും അവർ പ്രത്യേകിച്ച് ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കാരണം അഹ്മദിയ്യത്തിന്റെ പേരിൽ

ഏറ്റവും കൂടുതൽ അക്രമം ഇപ്പോൾ പാക്കിസ്ഥാനിലാണ് നടക്കുന്നത്. ലോകത്തിലെ അഹ്മദികൾക്കും പൊതുവായ നിലയിൽ ഈ ഭാഗത്തേക്ക് ശ്രദ്ധയുണ്ടാവേണ്ടതാണ്. കാരണം അഹ്മദിയ്യത്തിന്റെ വിജയവുമായിട്ടാണ് ലോകത്തിന്റെ നിലനില്പ് ബന്ധപ്പെട്ട് നില്ക്കുന്നത്. മുസ്‌ലിം ഉമ്മത്തിന് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കാൻ സാധിക്കുന്നത് അഹ്മദിയ്യത്തിന്റെ വിജയവുമായാണ് ബന്ധപ്പെട്ട് നില്ക്കുന്നത്. അക്രമത്തിന്റെയും പീഢനങ്ങളുടേയും അവസാനം ഇതുമായിട്ടാണ് ബന്ധപ്പെട്ട് നില്ക്കുന്നത്.

അതുകൊണ്ട് ഫസ്തീനികളെ അക്രമത്തിൽ നിന്ന് സ്വതന്ത്രരാക്കാനാണെങ്കിലും, മുസ്‌ലിംകളെ അക്രമികളായ ഭരണാധികാരികളിൽ നിന്ന് രക്ഷപ്പെടുത്താനാണെങ്കിലും, മുസ്‌ലിംകളെ അവരുടെ തന്നെ അക്രമികളായ ഭരണാധികാരികളിൽ നിന്ന് രക്ഷപ്പെടുത്താനാണെങ്കിലും, ഇതിനെല്ലാം ഉള്ള ജാമ്യം അഹ്മദികളുടെ ദുആകൾ മാത്രമായിരിക്കും. നമുക്ക് ഈ ദുആയുടെ കടമ നിറവേറ്റണ്ടതിന്റെ ആവശ്യമുണ്ട്. ഇപ്പോൾ അക്രമത്തിന്റെ ഈ ആട്ടുകല്ലിൽ അഹ്മദികളെയാണ് ഏറ്റവും കൂടുതൽ പൊടിച്ച് കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ ദുആകൾ തന്നെ സ്ഥിരതയുള്ള ദുആ ആയിമാറി നമ്മുടെ മാത്രം സ്വാതന്ത്രമല്ല മറിച്ച് മനുഷ്യരെ മുഴുവൻ അക്രമത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗമായി മാറുന്നതാണ്. നമുക്ക് നമ്മുടെ ഉത്തരവാദിത്വങ്ങൾ മനസിലാക്കേണ്ടതിന്റെ ആവശ്യകതയുണ്ട്.

ഹ: മസീഹ് മൗഊദ് (അ) പറയുന്നു. പരീക്ഷണ ഘട്ടങ്ങളിലുള്ള ദുആകളിൽ അത്ഭുതകരവും വിസ്മയകരവുമായ, പ്രത്യേകതയും, സ്വാധീനവും പ്രകടമാകുന്നതായിരിക്കും. യാഥാർത്ഥ്യം ഇതാണ്. നമ്മുടെ ദൈവം ദുആ മുഖേനയാണ് തിരിച്ചറിയപ്പെടുന്നത്.

ഞാൻ പറഞ്ഞത് പോലെ ഇന്ന് അഹ്മദികളേക്കാൾ കൂടുതലായി പരീക്ഷണത്തിൽ അകപ്പെടുത്തപ്പെട്ടവരായി ആരുണ്ട്. ഇന്ന് അഹ്മദികളേക്കാൾ കൂടുതൽ ആരെയാണ് നാലുഭാഗത്ത് നിന്നും ചില മുസ്‌ലിം രാജ്യങ്ങൾ അക്രമിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നത്. ഈ രാജ്യങ്ങളിൽ ഭൂരിഭാഗം നല്ല ആളുകളുടേയും എന്നല്ല എല്ലാവരും എന്നാണ് പറയേണ്ടത് അവരുടെ നന്മ ഹ: ഖലീഫത്തുൽ മസീഹ് സാലിസ് പറയാറുണ്ടായിരുന്നത് പോലെ മൂക നന്മയായി മാറിയിരിക്കുന്നു. ഈ ഒരു സാഹചര്യത്തിൽ അത്ഭുതകരമായ ദുആകളുടെ അനുഗ്രഹം കരസ്ഥമാക്കുന്നതിന് വേണ്ടി നാം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. ഞാൻ ഓതിയ ആയത്തുകളിൽ അല്ലാഹു പറയുന്നു, ആപത്തിൽ അകപ്പെട്ടവരുടെ ദുആകളെ സ്വീകരിക്കുന്നവൻ ആരാണ്. അല്ലാഹു മാത്രമാണ് അത് സ്വീകരിക്കുന്നത്. അതായത് അവർ ഗതിമുട്ടിയ അവസ്ഥയിൽ ആയിരിക്കുമ്പോൾ, "മുസ്തർ" എന്ന് പറയുന്നത് തന്റെ നാലുഭാഗത്ത് നിന്നും പരീക്ഷണങ്ങളും ബുദ്ധിമുട്ടുകളും കാണുന്നവനാണ്. അയാൾക്ക് അയാളുടെ വിജയത്തിനുള്ള ഭതികമായ ഒരു മാർഗ്ഗവും കാണാൻ സാധിക്കുകയില്ല. അല്ലാഹുവിലേക്കുള്ള ഒരേ ഒരു മാർഗ്ഗം മാത്രമേ അയാൾക്ക് കാണാൻ സാധിക്കുകയുള്ളൂ. ഇങ്ങനെ ലോകത്തിലുള്ള എല്ലാ മാർഗ്ഗവും അടക്കപ്പെട്ട മുസ്തർ ആണ് എന്റെ ഭാഗത്തേക്ക് വരുന്നത് എന്ന് അല്ലാഹു പറയുന്നു.

അല്ലാഹുവിനെ കൂടാതെ മറ്റൊരു പ്രതീക്ഷാസ്ഥാനവും അഭയസ്ഥാനവും അഭയസങ്കേതവും കാണാത്ത വിധത്തിൽ ആരാണോ ഗതിമുട്ടിയവനായി തീരുന്നത് അല്ലാഹുവിനെ കൂടാതെ മറ്റാർക്കും ഈ പരീക്ഷണത്തിൽ നിന്ന് രക്ഷപ്പെടുത്താൻ സാധ്യമല്ല എന്നാരാണോ മനസിലാക്കുന്നത് അയാളാണ് യഥാർത്ഥത്തിൽ ഗതിമുട്ടിയവൻ അഥവാ മുസ്തർ, അയാളുടെ പ്രാർഥനകൾ അത്ഭുതങ്ങൾ കാണിക്കുന്നതായി തീരും. ദുആകൾ സ്വീകരിക്കപ്പെടുന്നതിന് വേണ്ടി എല്ലാ വിധത്തിലും ഗതിമുട്ടിയ അവസ്ഥയിൽ അല്ലാഹു മാത്രമേ നമുക്ക് പ്രയോജനപ്പെടുകയുള്ളൂ എന്ന ദൃഢ വിശ്വാസം നാം നമ്മുടെ ഉള്ളിൽ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. പ്രകാശ കിരണം നമുക്ക് കാണാൻ സാധിക്കുന്ന മറ്റൊരു മാർഗ്ഗവും തന്നെയില്ല അത്തരത്തിൽ ഒരു അവസ്ഥ ഉണ്ടായിത്തീരുമ്പോൾ, ഇത്തരത്തിൽ ഗതിമുട്ടിയ ഒരാൾ ഈ വിധത്തിൽ ഗതിമുട്ടിയ അവസ്ഥ ഉണ്ടായിത്തീരുമ്പോൾ, അത്തരത്തിൽ ഗതിമുട്ടിയവന്റെ അടുത്തേക്ക് അല്ലാഹു ഓടി വരുന്നു. തന്റെ വാഗ്ദാനമനുസരിച്ച് അവന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ദുരീകരിക്കുന്നു. അവന്റെ ബുദ്ധിമുട്ടുകൾ കാറ്റിൽ പറത്തുന്നു. അത് വ്യക്തിപരമായ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ആണെങ്കിലും ശരി. പിന്നീട് അല്ലാഹു പറയുന്നു കേവലം "യക്ശിഫു സൂഅ" അതായത് പ്രയാസങ്ങൾ ദുരീകരിക്കും എന്നത് മാത്രമാണ്. അല്ലാഹു അനുഗ്രഹങ്ങൾ നല്കുന്നു അവന്റെ അനുഗ്രഹങ്ങൾ അപരിമിതവും എത്ര വേണമെങ്കിലും ആ അനുഗ്രഹങ്ങളെ വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. ഇവിടെയും പ്രയാസങ്ങളിൽ അകപ്പെട്ട വിശ്വാസികളുടെ പ്രയാസങ്ങൾ അല്ലാഹു ദുരീകരിക്കും എന്ന് പറഞ്ഞതോടൊപ്പം അല്ലാഹു ഇതു കൂടി പറയുകയുണ്ടായി ''യ്ജ്അല്ലകും ഖുൽഫാഅൽ അർള്" അവൻ നിങ്ങളെ ഭൂമിയുടെ അവകാശികളാക്കിത്തീർക്കും. വളരെ വലിയ അക്രമികളെയും നിഷ്ഠൂരരേയും അധർമികളെയും നശിപ്പിച്ച്കൊണ്ട് അക്രമത്തിന് ഇരയാക്കപ്പെട്ടവരേയും ബലഹീനരായി തോന്നുന്നവരെയും അവരുടെ സ്ഥാനങ്ങളിൽ ഇരുന്നും അതുകൊണ്ട് വ്യക്തിഗത തലത്തിൽ ഗതിമുട്ടിയവന്റെ ദുആ ശ്രവിച്ച് കൊണ്ട് അല്ലാഹു അയാളുടെ പ്രയാസത്തെ നീക്കുന്നതോടൊപ്പം സാമൂഹികമായ നിലയിലും അയാളുടെ പ്രയാസങ്ങളും പരീക്ഷണങ്ങളും അല്ലാഹു ദുരീകരിക്കുന്നു. ഇത് തന്നെയാണ് നമുക്ക് വിശുദ്ധ ഖുർആൻ മറ്റൊരു സ്ഥലത്ത് പറഞ്ഞു തരുന്നത്. ഇതിൽ നിന്ന് മനസിലാകുന്നത് മുൻ കഴിഞ്ഞ സമൂഹങ്ങൾ പ്രവാചകന്മാരോടും അവരുടെ സമുദായത്തോടും അക്രമപരമായ സമീപനം കൈകൊണ്ടപ്പോൾ അല്ലാഹു പറയുന്നു നാം അവരെ നശിപ്പിച്ചു എന്നിട്ട് അക്രമത്തിന് ഇരയാക്കപ്പെട്ടവർക്ക് അവരുടെ സ്ഥാനം നൽകി വലിയ ശക്തരും പ്രഭാവവും പ്രൗഢിയും ഉള്ളവരായിരുന്നു. മുൻ കഴിഞ്ഞ ആളുകൾ എന്നാൽ അവരുടെ പേര് പോലും തുടച്ച് നീക്കപ്പെട്ടു. അതുകൊണ്ട് ഈ നിയമം മുൻ കഴിഞ്ഞ സമൂഹങ്ങൾക്ക് ബാധകമായത് പോലെ ഇന്നും അതുപോലെ മറ്റുള്ളവർക്കും ബാധകമാണ്.

അല്ലാഹു അക്രമികളെ ഇല്ലാതാക്കുന്നു എന്നാൽ അക്രമത്തിന് ഇരയാക്കപ്പെട്ടവർ ഗതിമുട്ടിയവരായിക്കൊണ്ട് മത്താ നസ്റുല്ലാഹ് (അല്ലാഹുവിന്റെ സഹായം എപ്പോഴാകും വന്നെത്തുക.) യുടെ വേദന നിർഭരമായ ദുആകൾ ചെയ്യുമ്പോൾ അല്ലാഹുവിന്റെ കാരുണ്യം ആവേശഭരിതമായി അക്രമികളെ എത്രയും പെട്ടെന്ന് അവസാനിപ്പിക്കുന്നതിനു

ഉള്ള സംവിധാനം ഒരുക്കുന്നു. ഇന്ന് ശക്തിയുടേയും ഭൂരിപക്ഷത്തിന്റെയും ഹുങ്കിൽ അക്രമത്തിന് തുനിഞ്ഞിരിക്കുന്നവർ, അല്ലാഹു അവർക്ക് ബുദ്ധി നൽകുമാറാകട്ടെ. അതല്ലാ എങ്കിൽ അവരുടെ ഈ ശക്തിയും ഭൂരിപക്ഷം തന്നെ അവരുടെ നാശത്തിനുള്ള കാരണമായിത്തീരുന്നതായിരിക്കും.

ചില സമയത്ത് നാം ദുആകളിൽ നമ്മുടെ വ്യക്തിപരമായ ലക്ഷ്യത്തിന് വേണ്ടി കാണിക്കാനുള്ളത് പോലുള്ള ഒരു വേദന ജമാഅത്ത് പരമായിട്ടുള്ള പ്രയാസങ്ങളെ ദുരീകരിക്കാനും നാം അത്തരം വേദന പ്രകടിപ്പിക്കേണ്ടതിന്റെ ആവശ്യമുണ്ട്.

ഹ: മസീഹ് മൗഊദ് (അ) പറയുകയുണ്ടായി കൂടെകൂടെ ഉള്ളതും ആധികൃത്തോട് കൂടിയതുമായ ദുആയാണ് നിബന്ധന. റമദാനിൽ ദുആകൾ ചെയ്തു. അതുമതി എന്ന് ചിന്തിക്കുകയാണെങ്കിൽ അത് മതിയായതല്ല എന്ന കാര്യം നാം വ്യക്തമായി മനസിലാക്കേണ്ടതാണ്. ഇപ്പോൾ നമുക്ക് തുടർച്ചയായുള്ള ദുആകളും ആവശ്യമുണ്ട്. മനുഷ്യന് എപ്പോഴും തുടർച്ചയായുള്ള ദുആകളുടെ ആവശ്യമുണ്ടായിരിക്കും. നമുക്ക് അല്ലാഹു വ്യക്തമായ വിജയം നൽകുമ്പോഴും തഖ്‌വയുടെ മാർഗ്ഗത്തിൽ ചരിച്ച്കൊണ്ട് അവന്റെ അനുഗ്രഹങ്ങളെ സ്വരൂപിക്കുന്നവരായിത്തീരാനും നമുക്ക് തുടർച്ചയായുള്ള ദുആകളുടെ ആവശ്യം ഉണ്ടായിരിക്കും. ചുരുക്കത്തിൽ അല്ലാഹുമായുള്ള ബന്ധത്തിൽ ഒരിക്കലും ഒരു കുറവും വരാൻ പാടില്ല. ഒരിക്കലും ഒരു വിശ്വാസിക്കും ഇത് സഹിക്കാനും സാധിക്കുകയില്ല. ബുദ്ധിമുട്ടിലും നമുക്ക് ദുആയുടെ ആവശ്യമുണ്ട്. സുഖത്തിലും ക്ഷേമത്തിലും നമുക്ക് അല്ലാഹുവിനെ സ്മരിക്കേണ്ടതുണ്ട് ഒരു വിശ്വാസി ഒരിക്കലും സ്വാർത്ഥനായി തീരുകയില്ല. ആവേശത്തെയും മതിയായി കണക്കാക്കുകയില്ല. മറിച്ച് എല്ലാ അവസ്ഥയിലും അല്ലാഹുവുമായിട്ട് അദ്ദേഹത്തിന് ബന്ധമുണ്ടായിരിക്കും അങ്ങനെ ആകേണ്ടതുമാണ്. ഈ വിശ്വാസവും ബന്ധവുമാണ് ഒരു വിശ്വാസിക്ക് സാധാരണ അവസ്ഥയിലും ദുആ സ്വീകാര്യതയുടെ അടയാളം കാണിക്കുന്നത്.

ഹ: മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറഞ്ഞു: ഓർത്തുകൊള്ളുക ദൈവേതരങ്ങളിലേക്ക് കുമ്പിടുന്നത് ദൈവവുമായുള്ള വിഛേദനമാണ്. അല്ലാഹുവുമായിട്ടുള്ള ബന്ധം വിഛേദിക്കപ്പെടുക എന്നത് ഒരു യഥാർത്ഥ വിശ്വാസിക്ക് ചിന്തിക്കാൻ പോലും സാധ്യമല്ല. എന്നാൽ ചില സമയങ്ങളിൽ ബലഹീനത നിമിത്തം ദുആകളിൽ കുറവ് വരാറുണ്ട് ഭൗതികമായ ഏർപ്പാടുകൾ കാരണം സാധന സാമഗ്രികളിലേക്ക് ശ്രദ്ധ തിരിയാറുണ്ട്. അല്ലെങ്കിൽ ദുആയുടെ കടമ നിറവേറ്റപ്പെടുകയില്ല. നാം ഓരോരുത്തരും നമ്മുടെ അവസ്ഥകളെ കുറിച്ച് എല്ലായിപ്പോഴും ആത്മപരിശോധന നടത്തികൊണ്ടിരിക്കേണ്ടതാണ്. ജമാഅത്തിൽ അംഗങ്ങൾ ആയതിന്റെ പേരിൽ മാത്രം പ്രയാസങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നവർക്ക് വേണ്ടി ദുആ ചെയ്യാനുള്ള ബോധം പോലും ഇല്ലാത്ത വിധത്തിൽ നാം നമ്മുടേതായ പ്രശ്നങ്ങളിൽ അകപ്പെട്ടവരായി മാറരുത്. അല്ലാഹുവിന്റെ കാരുണ്യം പൊറുത്തുകൊടുക്കൽ, ഔദാര്യം മുതലായ എല്ലാ സിഫത്തുകളേയും മുൻനിറുത്തി ഓരോ ജമാഅത്ത് അംഗങ്ങളും നടത്തുന്ന ദുആ ജമാഅത്തിപരമായ പ്രയാസങ്ങളും ദുരീകരിക്കാൻ കാരണമായി തീരുന്നതാണ് എന്ന് ഓർക്കേണ്ടതാണ്.

നാം ഒരു ജമാഅത്തിൽ കോർത്തിണക്കപ്പെട്ടവരാണ് എന്ന് വാദിക്കുന്നുവെങ്കിൽ നമ്മുടെ ദുആകളിൽ അല്ലാഹുവിനോട് നമ്മുടെ പൊതുവായിരിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ദുരീകരിക്കാൻ വേണ്ടി ദുആ ചെയ്യേണ്ടതാണ്. കേവലം തങ്ങളുടെ വ്യക്തിപരമായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും തങ്ങളുടേതാണ് എന്ന് മനസ്സിലാക്കി അതിനുവേണ്ടി മാത്രം ദുആയിൽ മുഴുകാതെ ജമാഅത്തി ദുആകളിലും തങ്ങളുടെ വ്യക്തിപരമായ പ്രയാസങ്ങൾക്ക് ദുരീകരിക്കുന്നതിന് വേണ്ടി മനുഷ്യനിൽ ഉണ്ടാകാറുള്ളത് പോലുള്ള വേദനയും വിഹ്വലതയും ഉണ്ടാക്കിയെടുക്കുക ജമാഅത്തിന്റെ പുരോഗതിക്കും, അവസ്ഥകൾ മറുന്നതിനും രണ്ട് റക്അത്ത് നഫൽ നമസ്കരിക്കാറുണ്ടെങ്കിൽ ഞാൻ നമസ്കരിക്കാൻ പറഞ്ഞിരുന്നു. കൂടുതൽ പേരും എനിക്ക് എഴുതുന്നു, ഞങ്ങൾ നമസ്കരിക്കാറുണ്ട്, അതിലും വേദനാ നിർഭരമായ ദുആകൾ ചെയ്യുക.

നാം നമ്മുടെ കർമങ്ങൾ പൂർണമായും അല്ലാഹുവിന് വേണ്ടി ആക്കിത്തീർക്കേണ്ടതുണ്ട്. ഈ കർമങ്ങൾ ദുആ സ്വീകാര്യതയിൽ വലിയ സ്വാധീനം ചെലുത്തുന്നതായിരിക്കും. അതോടൊപ്പം നാം ജമാഅത്തിന്റെ പ്രയാസം സ്വന്തം പ്രയാസമായി മനസ്സിലാക്കി വലിയ വേദനയോടും വിനയത്തോടും അത് ദുരീകരിക്കപ്പെടുന്നതിന് വേണ്ടി ദുആ ചെയ്യേണ്ടതായിട്ടുണ്ട്.

ഹ: മസീഹ് മൗഊദ് (അ) പറയുന്നു: ദുആ സ്വീകരിക്കപ്പെടുന്നതിന് മനുഷ്യൻ തന്നിൽ പരിശുദ്ധ പരിവർത്തനം ഉണ്ടാക്കിയെടുക്കേണ്ടത് ആവശ്യമാണ്. തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നില്ല എങ്കിൽ അല്ലാഹുവിന്റെ പരിധികളെ ലംഘിക്കുകയാണ് എങ്കിൽ ദുആയിൽ ഒരു സ്വാധീനവും ഉണ്ടാവുകയില്ല.

അല്ലാഹു നമ്മേ ഹ: മസീഹ് മൗഊദ് (അ) ന്റെ ഉദ്ദേശമനുസരിച്ച് തങ്ങളുടെ ജീവിതത്തിൽ പരിശുദ്ധമാറ്റം ഉണ്ടാക്കിയെടുത്ത് നമ്മുടെ എല്ലാ പ്രവർത്തികളും അല്ലാഹുവിന്റെ പ്രീതിക്കനുസരിച്ച് പൂർത്തിയാക്കുന്നവരായി തീർക്കുമാറാകട്ടെ. ഇതിന് വേണ്ടി എപ്പോഴും പരിശ്രമിച്ച് കൊണ്ടിരിക്കുക. അവന്റെ സമക്ഷത്തിലുള്ള വേദനാ നിർഭരമായ ദുആകളിലേക്ക് ശ്രദ്ധിക്കുന്നവരാക്കി തീർക്കുമാറാകട്ടെ.

നാം നമ്മുടെ ദുആകളിൽ ജമാഅത്തിന്റെ പുരോഗതിക്കും പരീക്ഷണങ്ങൾ ദുരീകരിക്കപ്പെടുന്നതിനും വേണ്ടി, നമ്മുടെ വ്യക്തിപരമായ ബുദ്ധിമുട്ടുകളിൽ ദുആയിൽ ശക്തി ചെലുത്തുന്നത് പോലെ, ശക്തി ചെലുത്തുന്നവരായി തീരുമാറാകട്ടെ. നാം ഒറ്റകെട്ടായി എതിരാളികളുടെ ശർറിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ദുആ ചെയ്യുന്നവരായി തീരുമാറാകട്ടെ.

ഞാൻ തുടക്കത്തിൽ പറഞ്ഞത് പോലെ ഏതുവരെ നാം ഒറ്റകെട്ടായി ഈ സാമൂഹികമായിരിക്കുന്ന പ്രയാസങ്ങൾ ദുരീകരിക്കുന്നതിന്‌വേണ്ടി പൂർണ്ണമായും അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നവരായി തീരുന്നില്ലയോ അതുവരെ നാം പെട്ടെന്ന് നമ്മുടെ ലക്ഷ്യം കരസ്ഥമാക്കുകയില്ല. ഹ: മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ വന്നുകൊണ്ട് നമ്മുടെ ഒരുമിച്ചുള്ള ദുആകൾ തന്നെയാണ് നമ്മുടെ വ്യക്തിപരമായ പ്രയാസങ്ങളും ദുരീകരിക്കുന്നതിന് കാരണമാകുക. മനുഷ്യൻ മറ്റുള്ളവർക്ക് വേണ്ടി ദുആ ചെയ്യുമ്പോൾ മലക്കുകൾ അയാൾക്ക് വേണ്ടി ദുആ ചെയ്യുന്നതാണ്. ഗുഹാ മുഖത്ത് നിന്ന് പാറ മാറിപ്പോവുക ദുആയുടെ ദിശയും ലക്ഷ്യവും

ഒന്നായിത്തീരുമ്പോഴായിരിക്കും. ഞാൻ സുഖത്തിലാണ് അതുകൊണ്ട് കുഴപ്പമൊന്നുമില്ല എന്ന സ്വാർത്ഥതയിൽ ഒരു ജമാഅത്ത് അംഗവും അകപ്പെടാൻ പാടില്ല. ലോകത്തിന്റെ ഏത് കോണിൽ താമസിക്കുന്ന അഹ്മദിയുടെ പ്രയാസവും നമ്മുടെ എല്ലാവരുടേയും പ്രയാസമാണ്. ഈ ഒരു ബോധ്യം നമുക്ക് ഉണ്ടായിത്തീരേണ്ടതാണ്. അതിന് നാം ദുആയിലേക്ക് ശ്രദ്ധിക്കുന്നവരായി തീരേണ്ടതാണ്. ഈ ബോധ്യം മാത്രമല്ല മറിച്ച് ഈ ആയുധത്തെ കുറിച്ചാണ് ഹ: മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നത്. ഈ ആയുധം നമ്മെ നമ്മുടെ വിജയവുമായി അടുപ്പിക്കുന്നതായിരിക്കും. എന്നാൽ ഈ കാര്യവും നാം ഓർക്കേണ്ടതാണ്, ശത്രുക്കളെകുറിച്ച് അല്ലെങ്കിൽ എതിരാളികളെ കുറിച്ച് നാം ആവേശഭരിതനായി അല്ലാഹു അവരുടെ മേൽ ശിക്ഷയും നരകവും വർഷിക്കുമാറാകട്ടെ എന്ന് ദുആ ചെയ്യുന്നവരായി തീരാൻ പാടില്ല. മറിച്ച് ഇങ്ങനെ ദുആ ചെയ്യുക, അല്ലാഹുവേ ഞങ്ങൾ ഞങ്ങളുടെ വിജയം ആഗ്രഹിക്കുമ്പോൾ, പരീക്ഷണങ്ങളും പ്രയാസങ്ങളും ദുരീകരിക്കുന്നതിന് വേണ്ടി നിന്നോട് ദുആ ചെയ്യുമ്പോൾ, ഈ ബുദ്ധിമുട്ടുകളുടെ കാലം അവസാനിക്കായി പ്രാർത്ഥിക്കുമ്പോൾ, അതോടൊപ്പം തന്നെ അല്ലാഹുവേ ഞങ്ങൾ ഇവരുടേയും നന്മയാണ് ആഗ്രഹിക്കുന്നത് നാശമല്ല ആഗ്രഹിക്കുന്നത്. ഞങ്ങൾ ബലഹീനരായവരെ നിന്റെ അനുഗ്രഹം പൊതിഞ്ഞിരിക്കുകയാണ്. വളരെ ദുശ്കരമായ അവസ്ഥകൾ ആയിട്ട് പോലും ഞങ്ങൾ നിന്റെ അനുഗ്രഹത്തിന്റെ ദൃശ്യം കണ്ട്കൊണ്ടിരിക്കുന്നു.

അതുകൊണ്ട് ഇവരേയും നീ അനുഗ്രഹം കൊണ്ട് പൊതിയുകയാണെങ്കിൽ ഇവർക്കും നേർമാർഗ്ഗം നൽകുകയാണെങ്കിൽ ഇത് അവരുടേയും ഞങ്ങളുടേയും വലിയ ഭാഗ്യമാണ്. എന്നാൽ നിന്റെ ഹിക്ക്മത്ത് ഇതിൽ ചിലരെ അതിന് യോഗ്യരായി കാണുന്നില്ല എങ്കിൽ, അവരെ നശിപ്പിക്കുന്നതിലാണ് നന്മയെങ്കിൽ, ഇസ്ലാമിന്റെ പുരോഗതി ഇപ്പോൾ നീ അത് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമുമായിട്ടാണ് ബന്ധിപ്പിച്ചിരിക്കുന്നത് അതിന് അവരുടെ അസ്തിത്വം തടസ്സമാണ് എങ്കിൽ അവരെ ഞങ്ങളുടെ മാർഗ്ഗത്തിൽ നിന്ന് നീ നീക്കേണമേ.

ഈ ദുആയോടൊപ്പം, അല്ലാഹുവിന്റെ ഹിക്മത്താഗ്രഹിക്കുന്നിടത്ത് ഇതും ദുആ ആയി മാറും ഇതനുസരിച്ചായിരിക്കണം നാം ദു ആ ചെയ്യേണ്ടത് അല്ലാതെ തുറന്ന ശാപ പ്രാർത്ഥനയല്ല. അല്ലാഹു നമുക്ക് എല്ലാവർക്കും ദുആയുടെ ഉത്തരവാദിത്വം നിറവേറ്റാൻ തൗഫീഖ് നൽകുമാറാകട്ടെ.


Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** **(atba)**
at Masjid Baithul Futhuh,London – on 18.07.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Sulthan Naseer Vaniyambalam For Malayalam Desk,Qadian.



If Undelivered Please Return

Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St


To